Reg. No. : ...............................

Name : ...............................

# I Semester B.A. Degree (C.B.C.S.S. – O.B.E. – Regular/Supplementary/Improvement) Examination, November 2022
## (2019 Admission Onwards)
## COMPLEMENTARY ELECTIVE COURSE IN MALAYALAM
## 1C01 MAL : പരിസ്ഥിതി – ദളിത് – ലിംഗപദവി പഠനങ്ങൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) കുമാരനാശാനിൽ നിന്ന് എസ്. ജോസഫിലേക്കും പി. എൻ. ഗോപീകൃഷ്ണനിലേക്കും എത്തിച്ചേർന്നപ്പോൾ മലയാള കവിതയിലെ പരിസ്ഥിതി ചിന്തയ്ക്ക് വന്ന പരിണാമം പി. കെ. രാജശേഖരൻ അടയാളപ്പെടുത്തുന്നതെങ്ങനെ ? വിശകലനം ചെയ്യുക.

2) ഫെമിനിസത്തിന്റെ ചരിത്രവും പ്രധാനപ്പെട്ട ഫെമിനിസ്റ്റിക് സിദ്ധാന്തങ്ങളും ചുരുക്കി വിവരിക്കുക.

3) ''അങ്കാ എറങ്ങിക്കെടേന്റെ കണ്ടങ്കാരാ'' എന്ന കഥ അഭിസംബോധന ചെയ്യുന്ന ജാതീയമായ ഉച്ചനീചത്വം വിമർശനാത്മകമായി വിലയിരുത്തുക.

4) ഭിന്ന ലൈംഗികതയെ അംഗീകരിക്കുന്ന സമകാലീന സാമൂഹിക പരിസരത്തിൽ നിന്നുകൊണ്ട് ''ദുഷ്ഷന്തനും ഭീമനുമില്ലാത്ത ലോകം'' എന്ന കഥയ്ക്കൊരാസ്വാദനം തയ്യാറാക്കുക.

II. 6 ചോദ്യങ്ങളിൽ നിന്ന് **4** ചോദ്യങ്ങൾക്ക് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) പ്രകൃതിയിലേയ്ക്ക് മടങ്ങുക എന്ന ഹരിതദർശനത്തിന്റെ സാക്ഷാത്കാരമാണ് രാമച്ചിയിലെ മല്ലിക. ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക.

6) ഹരിതദർശനത്തെ പ്രതിബോധത്തിന്റെ സൗന്ദര്യശാസ്ത്രമെന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത് ?

7) ''സ്ത്രീസ്വാതന്ത്ര്യവാദം ഒരു സ്വയംകൃതാനർത്ഥമാണ്'' എന്ന സുഭദ്രയുടെ അഭിപ്രായം വിമർശനാത്മകമായി വിലയിരുത്തുക.

P.T.O.



8) ദലിത് പ്രസ്ഥാനത്തിന്റെ ഉത്ഭവവും ചരിത്രവും ചുരുക്കി വിവരിക്കുക.

9) ''സാഹിത്യചരിത്രങ്ങൾ നിങ്ങളോടു സംസാരിച്ചതെന്ത് '' എന്ന ലേഖനത്തിലൂടെ പ്രദീപൻ പാമ്പിരിക്കുന്ന് ചൂണ്ടിക്കാണിക്കുന്ന, സാഹിത്യചരിത്രങ്ങളിലെ പക്ഷപാതങ്ങൾ വിശകലനം ചെയ്യുക.

10) ''ഇന്നത്തെ അധികാരവ്യവസ്ഥയുടെ അച്ചുതണ്ട് പുരുഷലിംഗമാണെന്നും അതടിച്ചോടിക്കേണ്ട കാലം കഴിഞ്ഞെന്നു''മുള്ള പാവാടക്കാരിയായ ആ പെൺകുട്ടിയുടെ പ്രസംഗം ഗോപാലകൃഷ്ണപിള്ളയുടെ ജീവിതത്തിൽ വരുത്തിയ പരിവർത്തനം ചുരുക്കി വിവരിക്കുക.

III. 6 ചോദ്യങ്ങളിൽ നിന്ന് **4** ചോദ്യങ്ങൾക്ക് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) മലയാളിയുടെ പരിസ്ഥിതി ദർശനം രൂപപ്പെടുത്തുന്നതിൽ വനപർവം എന്ന കവിതാ സമാഹാരത്തിനുള്ള പങ്കെന്ത് ?

12) പള്ളിയോടുപള്ളി നിരന്നിങ്ങു വന്നിട്ടും
വ്യത്യാസം മാറി ഞാൻ കാണുന്നില്ല കേട്ടോ – അപ്പച്ചന്റെ ഈ വരികളിലെ സാമൂഹിക വിമർശനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

13) ''നക്ഷത്രങ്ങൾ കരിക്കട്ടകളാകുന്നത് കണ്ട് അവൾ കരയുകയും ചിരിക്കുകയും ചെയ്തു'' – സന്ദർഭവും ധ്വനിപാഠവും വിശദീകരിക്കുക.

14) ''സ്വന്തമായൊരു മുറി'' എന്ന പുസ്തകത്തിന് സ്ത്രീവിമോചന ചരിത്രത്തിലുള്ള സ്ഥാനം വിലയിരുത്തുക.

15) ലിബറൽ ഫെമിനിസം വിശദീകരിക്കുക.

16) LGBT സങ്കല്പനം വിശദീകരിക്കുക.

IV. 6 ചോദ്യങ്ങളിൽ നിന്ന് **4** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) ഗൃഹാതുരത്ത്വത്തിന്റെ വിദൂരറിപ്പബ്ലിക്കിൽ നിന്ന് അയയ്ക്കുന്ന പോസ്റ്റുകാർഡല്ല ഹരിത സാഹിത്യം എന്നു പറയാൻ കാരണമെന്ത് ?

18) കുറിപ്പെഴുതുക. – സഫ്രജറ്റ് പ്രസ്ഥാനം.

19) പൊതുകലകൾ, കീഴാളകലകൾ എന്ന വിഭജനത്തിന്റെ അടിസ്ഥാനമെന്ത് ?

20) കുറിപ്പെഴുതുക. – പൊയ്കയിൽ അപ്പച്ചൻ.

21) ''അവൾ എന്നെ അടിമുടി ചുംബിക്കാൻ തുടങ്ങി. പൂട കൊഴിച്ച എന്റെ മനസ്സ് സ്ഫടികം പോലെ തിളങ്ങി'' – സന്ദർഭവും ആശയവും വിശദീകരിക്കുക.

22) കുറിപ്പെഴുതുക. – പി. വൽസല.